## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1327 21/03/2013 ൽ മറുപടിക്ക്

## ചെറുതാഴം - കുറ്റൂർ- പെരിങ്ങോം റോഡിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എം.എൽ.എ. മാരുടെ മണ്ഡലം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽക്കൂടി കടന്നു പോകുന്ന ചെറുതാഴം- കുറ്റൂർ- പെരിങ്ങോം റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നറിയിക്കുമോ ; | (എ) ചെറുതാഴം- കുറ്റൂർ- പെരിങ്ങോം റോഡിന്റെ കി.മീ 0/000 മുതൽ 5/400 വരെയുള്ള ഭാഗത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തി 05/03/2013 ന് കോഴിക്കോട് സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്തുകളും പാലങ്ങളും) ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത റോഡിന്റെ തുടർച്ചയായുള്ള ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള (5/400 മുതൽ 10/000 കി.മീ) ഭാഗം ബി.എം & ബി.സി ആക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) പ്രസ്തുത റോഡിന്റെ രണ്ടാം ഭാഗം ബി.എം & ബി.സി ആക്കി മാറ്റുന്നതിനുള്ള 345 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ തലത്തിൽ തയ്യാറാക്കിവരുന്നു. ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ